**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 838** **10-06-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഫ്ലൈഓവർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ഫ്ലൈഓവർ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ - കിഴക്കേത്തല ഫ്ലൈഓവർ കിഫ്ബിയിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ജി ഒ.924/2017/പി ഡബ്ല്യൂ ഡി തീയതി 10.07.2017 പ്രകാരം ഭരണാനുമതി നൽകുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (ആർ ബി ഡി സി കെ) എസ് പി വി ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആർ ബി ഡി സി കെ തയ്യാറാക്കിയ ഡി പി ആർ പ്രകാരം കിഫ്ബി 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി. പദ്ധതി കേന്ദ്ര ഉപരിതല വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ പ്രസ്തുത വകുപ്പിന്റെ എൻ ഒ സി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എൻ ഒ സി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്. |
| (ബി) | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (ബി) | പാലക്കാട് കേന്ദ്ര ഉപരിതല വകുപ്പ് പ്രോജക്റ്റ് ഡയറക്ടറോട് പ്രസ്തുത പദ്ധതിക്ക് എൻ ഒ സി ആവശ്യപ്പെട്ടുകൊണ്ട് ആർ ബി ഡി സി കെ അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല. |
| (സി) | സാങ്കേതിക നടപടികൾ പൂർത്തിയാക്കി ഫ്ലൈഓവർ പദ്ധതി ഉടൻ യാഥാർത്ഥ്യമാക്കുമോ? | (സി) | കേന്ദ്ര ഉപരിതല വകുപ്പിൽ നിന്ന് എൻ ഒ സി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിക്കുന്നതും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ